# പതിമൂന്നാം കേരള നിയമസഭ
# ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2025 — 14/7/2011 ൽ മറുപടി നൽകേണ്ടിയിരുന്നത്.

**<u>അച്ചൻകോവിൽ വനത്തിനുള്ളിലെ ആദിവാസി കുടുംബങ്ങൾ</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ.രാജേഷ് | ശ്രീമതി. പി.കെ. ജയലക്ഷ്മി (പട്ടിക വർഗ്ഗ ക്ഷേമവും യുവജന കാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) അച്ചൻകോവിൽ വനത്തിനുള്ളിൽ പുലിക്കയം, അറമ്പ, വാഴപ്പൊഴിയാർ, ചിറ്റാർ, കല്ലാർ, കാനയാർ എന്നിവിട ങ്ങളിലായി എത്ര ആദിവാസി കുടുംബങ്ങൾ കഴിയുന്നുണ്ടെന്ന് വ്യക്തമാ ക്കുമോ; | (എ) കൊല്ലം ജില്ലയിൽ ഉൾപ്പെട്ട അച്ചൻകോവിൽ വനത്തിനുള്ളിൽ പുലിക്കയം ഭാഗത്ത് 16 മലൈപണ്ടാരം ആദിവാസി കുടുംബങ്ങൾ താമസിക്കുന്നു. പത്തനംതിട്ട ജില്ലയിൽ ഉൾപ്പെട്ട ഉൾവന പ്രദേശങ്ങളായ അറമ്പ, വാഴപ്പൊഴിയാർ, ചിറ്റാർ, കല്ലാർ, കാനയാർ എന്നിവിടങ്ങളിൽ ആദിവാസി കോളനികൾ ഇല്ല. മൂഴിയാർ, ചാലക്കയം, കാട്ടാത്തി, ആവണിപ്പാറ എന്നീ കോളനികളിൽ നിന്നും വനവിഭവ ശേഖരണത്തിനും കൂപ്പിലെ പണികൾക്കുമായി എത്തിപ്പെട്ടിട്ടുള്ള 18 ഓളം മലൈപണ്ടാര വിഭാഗക്കാരായ പട്ടികവർഗ്ഗ കുടുംബങ്ങൾ ഇവിടെ താൽക്കാലിക ഷെഡ് കെട്ടി താമസിക്കുന്നുണ്ട്. |
| (ബി) ഇതിൽ എത്ര കുടുംബങ്ങൾക്കാണ് റേഷൻകാർഡും തിരിച്ചറിയൽ കാർഡും ലഭിച്ചിട്ടുള്ളത്; | (ബി) മലൈപണ്ടാര വിഭാഗത്തിൽപ്പെട്ട എല്ലാവർക്കും റേഷൻ കാർഡ് ഉണ്ട്. എന്നാൽ, തിരിച്ചറിയൽ കാർഡ് ഇല്ല. ഫോട്ടോ എടുക്കാൻ ടി വിഭാഗം വിസമ്മതിക്കുന്നതാണ് കാർഡ് നൽകാൻ തടസ്സമാകുന്നത്. |

| | | |
|---|---|---|
| (സി) | വനത്തിനുള്ളിൽ കഴിയുന്ന ഈ കുടുംബങ്ങളെ സാമൂഹ്യ ജീവിതത്തിന്റെ ഭാഗമാക്കുന്നതിന് നടപടി സ്വീകരി ക്കുമോ? | (സി) കൊല്ലം ജില്ലയിൽ ഉൾപ്പെട്ട ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകി പുനരധിവസിപ്പിച്ചെങ്കിലും നൊമാഡിക് വിഭാഗത്തിൽപ്പെട്ട ഇവർ താമസിക്കുന്നതിന് തയ്യാറായിട്ടില്ല. എന്നിരുന്നാലും വനമേഖലയിൽ കഴിയുന്ന ഈ കുടുംബങ്ങളെ സാമൂഹ്യജീവിതത്തിന്റെ ഭാഗമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ